SASA KSSSP 11209

DIRECTORATE OF ECONOMICS & STATISTICS
28 APR 2017

28/4/17

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് - സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (സാസാ)- സാസായെ സ്വതന്ത്ര പദവിയുള്ള ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ തയ്യാറാക്കി നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് രജിസ്റ്റർ ചെയ്യുന്നതിന് ഡയറക്ടർ സാസായെ സ്പെഷ്യൽ ഓഫീസർ ആയി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണസാമ്പത്തികകാര്യ (ബി) വകുപ്പ്**

**സ.ഉ.(സാ.ധാ) നം.259/2017/പ്ലാനിംഗ്. തിരുവനന്തപുരം, തീയതി, 26/04/2017.**

---

പരാമർശം:- 1. 25/03/2017- ലെ സ.ഉ(എം.എസ്) നം 17/17/പ്ലാനിംഗ് സർക്കാർ ഉത്തരവ്.

2. സാസാ ഡയറക്ടറുടെ 10/04/2017-ലെ ഇ/157/2016/സാസാ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സാസായെ 1955 ലെ ദി ട്രാവൻകൂർ കൊച്ചിൻ ലിറ്ററി , സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് 7 അംഗങ്ങൾ ഉൾപ്പെടുന്ന ഉന്നതാധികാര സമിതി രൂപീകരിക്കുകയുണ്ടായി. കില , ഐ . എം . ജി എന്നീ സ്ഥാപനങ്ങളെപ്പോലെ സ്വതന്ത്ര പദവിയുള്ള ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ തയ്യാറാക്കി നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് രജിസ്റ്റർ ചെയ്യുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കേണ്ടതുണ്ടെന്നും ആയതിനാൽ ഡയറക്ടർ സാസായെ സ്പെഷ്യൽ ഓഫീസർ ആയി നിയമിച്ച് ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം ഡയറക്ടർ സാസാ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കില , ഐ . എം . ജി എന്നീ സ്ഥാപനങ്ങളെപ്പോലെ സാസായെ സ്വതന്ത്ര പദവിയുള്ള ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ തയ്യാറാക്കി നടപടി

ക്രമങ്ങൾ പൂർത്തീകരിച്ച് രജിസ്റ്റർ ചെയ്യുന്നതിന് ഡയറക്ടർ സാസായെ സ്പെഷ്യൽ ഓഫീസർ ആയി നിയമിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എം.സി. പ്രസന്നകുമാരി
അഡീഷണൽ സെക്രട്ടറി

To

1. ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ (സാസാ), സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ/എ&ഇ), കേരള, തിരുവനന്തപുരം.
4. ആസൂത്രണസാമ്പത്തികകാര്യ (സിപിഎംയു) വകുപ്പ്.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ